# വചനസുമം

വാല്യം 11 ● നവംബർ 2012 ● ലക്കം 10



# പ്രസംഗം തയ്യാറാക്കിയവർ

നവംബർ 4 : **കൂദോശ് ഈത്തോ ഞായർ**

ബ്രദർ ഗീവർഗീസ് പണിക്കർ ഒ.ഐ.സി.

നവംബർ 11 : **ഹൂദോസ് ഈത്തോ ഞായർ**

ബ്രദർ ഫ്രാൻസീസ് വർഗ്ഗീസ് ഒ. ഐ. സി.

നവംബർ 18 : **കൂദോശ് ഈത്തോയ്ക്കുശേഷം 2 – ാം ഞായർ**

ബ്രദർ ജോസഫ് കിളിയ്ക്കൽ ഒ.ഐ.സി.

നവംബർ 25 : **കൂദോശ് ഈത്തോയ്ക്കുശേഷം 3 – ാം ഞായർ**

ബ്രദർ അഭയാനന്ദ് ഒ. ഐ. സി.




Printed : At Bethany Offset Printers, Kottayam

Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## നവംബർ 4 : കൂദോശ് ഈത്തോ ഞായർ

**ബ്രദർ ഗീവർഗീസ് പണിക്കർ ഒ.ഐ.സി.**

മത്താ 16:13-23; എഫേ 2:11-22; മർക്കോ 8:27-30; അപ്പ.പ്ര 2:37-47

**പശ്ചാത്തലം**

വിജാതീയരുടെ പട്ടണമായ കേസറിയാ-ഫിലിപ്പി പ്രദേശമാണ് ഈ സുവിശേഷ ഭാഗത്തിന്റെ പശ്ചാത്തലം. നിരവധി പ്രതിഷ്ഠകളെയും വിഗ്രഹങ്ങളേയും ആരാധിച്ചു പോന്നിരുന്ന ഒരു ജനസമൂഹത്തിന്റെ പശ്ചാത്തലത്തിൽ വേണം യേശുവിന്റെ ഈ ചോദ്യത്തെ നാം വിശകലനം ചെയ്യേണ്ടത്.

**പ്രമേയം**

യേശുവിനെ ദൈവപുത്രനായി പത്രോസ് തിരിച്ചറിയുന്നതും ആ തിരിച്ചറിവിലും വിശ്വാസത്തിലും സഭയെ കെട്ടിപ്പെടുത്തുന്നതുമാണ് ഇവിടുത്തെ പ്രമേയം. യേശു താൻ ആരാണ് എന്ന് ശിഷ്യരെ പഠിപ്പിക്കുന്നത് നാം കാണുന്നു. യേശു ദൈവപുത്രനെന്ന വെളിപാട് അവർ തങ്ങളിൽത്തന്നെ സ്വീകരിക്കുന്നതും നാം ഇവിടെ കാണുന്നു. മത്തായിയുടെ സുവിശേഷത്തിലാണ് സഭ എന്ന പദം ഉപയോഗിക്കുന്നത്. അതി നാൽ ഈ സുവിശേഷം സഭാത്മക സുവിശഷമെന്ന് അറിയപ്പെടുന്നു.

**സന്ദേശം**

യേശു ക്രിസ്തുവിന്റെ ജനനപ്പെരുന്നാളിനെ ലക്ഷ്യമാക്കിയുള്ള സഭയുടെ തീർത്ഥാടനത്തിന് തിരികൊളുത്തുന്ന പെരുന്നാളിനെയാണ് കൂദോശ് ഈത്തോ അഥവാ സഭയുടെ ശുദ്ധീകരണപ്പെരുന്നാൾ എന്ന് നാം വിളിക്കുന്നത്. ഇവിടെ യേശുവും പത്രോസും തമ്മിലുള്ള ഒരു സംഭാഷണ ശകലമാണ് നാം കാണുക. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും (മത്താ 6:18). ഇവിടെ യേശു നൽകുന്ന സഭ ദൈവരാജ്യ മാണ്. രാജകീയതയും അധികാരവും (മത്താ 11:26) മറികടന്ന് ഹൃദയങ്ങൾ തമ്മിൽ അറിയാവുന്ന ഒരു ഗുരു ശിഷ്യ ബന്ധമാണ് നാം ഇവിടെ കാണുക.

ഇവിടെ യേശു രണ്ടു ചോദ്യമാണ് ശിഷ്യർക്കു മുമ്പിൽ വയ്ക്കുന്നത്. യേശുവിന്റെ ചോദ്യം ശിഷ്യന്മാരോടു മുഴുവനുമായിട്ടാണ്.

എന്നാൽ മറുപടി പറയുന്നത് പത്രോസാണ്. ശിഷ്യന്മാരിൽ പ്രധാനിയായും അവർക്കുവേണ്ടി സംസാരിക്കുന്ന ഒരുവനുമായാണ് പത്രോസിനെ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

യേശുവിന്റെ ഒന്നാമത്തെ ചോദ്യം: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? ഈ ചോദ്യത്തിന് യേശുവിന് ഒരു ലക്ഷ്യമുണ്ട്. പലപ്പോഴായി യേശു തന്നെത്തന്നെ വിശേഷിപ്പിക്കുകയും അവതരി പ്പിക്കുകയും ചെയ്തിരിക്കുന്നത് മനുഷ്യപുത്രൻ എന്നാണ് (8:20, 9:6, 10:23, 11:19, 13:37). എന്നാൽ ഇപ്പോൾ യേശു ആരാണ് എന്ന് തന്റെ ശിഷ്യ ന്മാരെ അറിയിക്കേണ്ട സമയം സമാഗതമായി എന്ന അർത്ഥത്തിലാണ് ഈ രണ്ടു ചോദ്യത്തിനേയും നാം കാണേണ്ടത്.

ജനങ്ങൾ പറയുന്ന മറുപടി യേശുവിനെ തൃപ്തനാക്കുന്നില്ല. ജന ങ്ങൾ പലതരമാണ്. പലയാളുകൾ. എന്നാൽ യേശുവിന്റെ രണ്ടാമത്തെ ചോദ്യം ഏറെ പ്രസക്തമാണ്. ജനങ്ങൾക്ക് പലർക്കും യേശുവിനെ ഒരു പരിധിക്കപ്പുറം അറിയില്ല. അവരിൽനിന്നു അത്രമാത്രമേ പ്രതീക്ഷിക്കുന്നുള്ളു. എന്നാൽ ശിഷ്യരുടെ മറുപടി പ്രതീക്ഷിക്കുന്നതിനും അപ്പുറമാകണം. കാരണം അവർ ജനങ്ങളേപ്പോലെയല്ല, അവനോടൊപ്പം ചേർ ന്നുള്ള ഒരു വിളിയുടെ മറുപടിയാണ് യേശു അവിടെ ആരാഞ്ഞത്. ആ ചോദ്യം തികച്ചും വ്യക്തിപരവുമാണ്. ഒരു ശിഷ്യന് ഒരിക്കലും തന്റെ ഗുരു അതുമിതും ആണ് എന്ന് പറയുവാൻ സാധ്യമല്ല. അവനിൽനിന്നു അതു പ്രതീക്ഷിക്കുന്നുമില്ല. എന്നാൽ അവന് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാകണം. വ്യക്തിപരമായി അറിയണം. അത് വായിച്ചറിയേണ്ടവയല്ല പ്രത്യുത, അനുഭവത്തിൽനിന്നു ഉരിത്തിരിയേണ്ടവയാണ്.

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" എന്ന വെളിപാട് അല്ലെങ്കിൽ തിരിച്ചറിവ് തന്റെ ശിഷ്യനു ലഭിച്ചുവെന്നതിനാലാണ് യേശു പത്രോസിനെ പ്രശംസിക്കുകയും നേതൃനിരയിലേക്ക് ഉയർത്തുകയും ചെയ്തത്. ഓരോ ക്രിസ്തീയ വിശ്വാസിക്കും ലഭിക്കേണ്ട വെളിപാടും ദൗത്യവും ഇതുതന്നെയാണ് എന്നതാണ് ഈ വേദഭാഗത്തിലൂടെ നാം കാണേണ്ടത്.

യേശു ക്രിസ്തു പലർക്കും പലതാകാം. ക്രൈസ്തവ ചരിത്രത്തിലെ ഏറ്റവും വലിയ ഭിന്നതകൾ യേശുക്രിസ്തു ആരെന്നുള്ളതിനെ അടിസ്ഥാനമാക്കിയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു.

മാനുഷികമായി അറിവിന് പരിധിയുണ്ട്. പത്രോസിന്റെ അറിവും അനുഭവവും മാനുഷികമായ ഉൾക്കാഴ്ചയിൽനിന്ന് ഉടലെടുക്കുന്നതല്ല, പ്രത്യുതാ സ്വർഗ്ഗസ്ഥനായ പിതാവ് പകർന്നു കൊടുത്ത അനുഗ്രഹീതമായ അനുഭൂതിയുടെയും അറിവിന്റെയും നിറവിലായിരുന്നു. അതുകൊണ്ടുതന്നെയാണ് ആ വിശ്വാസം ഉറപ്പുള്ള പാറയായത്. അപ്രകാരമുള്ള വിശ്വാസത്തിന്റെ പാറമേൽ അടിസ്ഥാനമുറപ്പിച്ചവരാണ് ഈ തീർത്ഥാടനത്തിൽ സഭയിൽ പങ്കുചേരുന്നതും ചേരേണ്ടതും. അൽപവിശ്വാസമോ എന്തിനോവേണ്ടി പണയം വയ്ക്കുന്ന വിശ്വാസമോ ഉള്ളവന്റെ സ്ഥാനം പാറയിലല്ല, പൂഴിമണ്ണിലാണ്. അവന്റെ ഭവനം എങ്ങനെയെന്ന് കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് പ്രഘോഷിച്ചപ്പോൾ ആ അസാധാരണ വിശ്വാസത്തിന്റെ ഒരു പ്രവാഹ മാണ് ശബ്ദമായി, വാക്കായി അപ്പസ്തോലനിൽനിന്നും പുറത്തേക്ക് വന്നത്.

ഒരു യാത്രയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഘടകമാണ് ഒരുക്കം. യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതിന് വ്യക്തിപരമായും സഭാ കൂട്ടായ്മയിലൂടെയുമുള്ള വിശുദ്ധീകരണമെന്ന ഒരുക്കം അനിവാര്യമാണ്. ഏത് യാത്രയ്ക്കും ഭാരം ബുദ്ധിമുട്ടുളവാക്കുന്നതുപോലെ ദൈവത്തിങ്കലേക്കുള്ള നമ്മുടെ തീർത്ഥാടനത്തിനും നമ്മുടേതായ ഭാരങ്ങൾ ഇറക്കിവച്ചതിനുശേഷമാണ് നാം യാത്ര തിരിക്കേണ്ടത്. ആ യാത്രയുടെ അവസാനമാണ് പത്രോസിനെന്നപോലെ നമുക്കും അവൻ വരങ്ങൾ നൽകുന്നത്. ദൈവരാജ്യത്തിന്റെ താക്കോലുകളാണ് അവൻ നമുക്കു നൽകുന്നത്. ഒരു നല്ല കാര്യസ്ഥനെന്ന പോലെ ഉത്തരവാദിത്വത്തോടെ ഈ കൂട്ടായ്മയിലേക്കു വരുവാനാഗ്രഹിക്കുന്നവർക്കു മുമ്പിൽ വാതിൽ തുറന്നുകൊടുക്കുവാനും നശിപ്പിക്കുന്നവന്റെ മുമ്പിൽ ആ വാതിൽ പൂട്ടി സംരക്ഷിക്കുവാനുള്ള ദൗത്യ വും അവൻ നമുക്കു നൽകുന്നു.

ഇന്ന്, യേശു ശിഷ്യന്മാരോടു ചോദിച്ച ഇതേ ചോദ്യം നമ്മോടു ചോദിച്ചാൽ നമ്മുടെ മറുപടി എന്തായിരിക്കും? വ്യക്തമായ ഒരു മറുപടി നമ്മുടെ ബൗദ്ധിക തലത്തിൽനിന്നാണോ അതോ അനുഭവ തലത്തിൽ നിന്നാണോ നമുക്കു നൽകുവാൻ സാധിക്കുക. യേശുവിനെ ഒരിക്കലും ബൗദ്ധിക തലത്തിൽ നിന്നുകൊണ്ടു മാത്രം ഉൾക്കൊള്ളുവാൻ സാധിക്കുകയില്ല. അതിന് യേശു പറഞ്ഞതു

പോലെ, മാംസ രക്തങ്ങളല്ല പ്രത്യുത സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത് (മത്താ 16:17).

യേശു തന്റെ ആടുകൾക്കുവേണ്ടി ജീവൻ കൊടുത്തതുപോലെ പത്രോസും തന്റെ ശിഷ്യത്വത്തിന് യഥാവിധി മറുപടി നൽകിയിരുന്നു. യേശുവിനോടൊപ്പം അവനിലാഴപ്പെട്ട് അവന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുകയും ചെയ്തു. പത്രോസിനോടെന്നപോലെ നമ്മുടെ ജീവിതത്തിലും യേശു ചോദ്യങ്ങൾ ചോദിക്കുമ്പോൾ നമുക്കു മുമ്പിൽ വെല്ലുവിളികൾ ഉയരുന്നു. ഒരുവന്റെ ശിഷ്യത്വം ആവശ്യപ്പെടുന്ന വെല്ലുവിളികൾ. സഹോദരരെ ഉറപ്പിക്കുകയും (ലൂക്കാ 22) സഹോദരരോട് ക്ഷമിക്കുകയും, കൂട്ടായ്മ മനോഭാവത്തിൽ ഒരിമിച്ച് ജീവിക്കുകയും ചെയ്യുക എന്നത് നമുക്ക് മൂമ്പിൽ ഒരു ദൗത്യമാണ്. അതുപോലെതന്നെ ആടുകളെ മേയിക്കുക (യോഹ 21)എന്നതും പത്രോസിന് കൊടുത്തതുപ്പോലെ നമ്മളിൽ ഏൽപ്പിക്കപ്പെട്ട ദൗത്യമാണ്. ഇന്ന് ഒരു പക്ഷെ നമ്മുടെ ഓരോരുത്തരുടെയും മുമ്പിലുള്ള വെല്ലുവിളികൾ ഇതു തന്നെയല്ലെ. നമുക്ക് ലഭിച്ചിട്ടുള്ള വിളിക്ക് അനുയോജ്യമായ ഒരു ജീവിതം സ്വായത്തമാക്കാൻ പലപ്പോഴും നാം പരാജയപ്പെട്ടുപ്പോകുന്നില്ലേ? നമ്മുടെ കുടുംബങ്ങളിൽ, കൂട്ടായ്മകളിൽ... അങ്ങനെ ജീവിതം വരച്ചു കാട്ടുന്ന പല സാഹചര്യങ്ങളിലും മറുപടി കൊടുക്കുവാൻ സാധിക്കാതെ നിസ്സഹായരാകുന്നില്ലെ?

നാം അടങ്ങുന്ന സഭയുടെ വിശുദ്ധീകരണത്തിന്, ഇന്നിന്റെ ആവശ്യം, നമ്മുടെ കൂട്ടായ്മ മറ്റുള്ളവരിലേക്ക് അനുഭവ സാക്ഷ്യമാക്കുക എന്നതാണ്. “വിദൂരസ്ഥരായിരുന്ന നിങ്ങൾ യേശു ക്രിസ്തുവിൽ അവന്റെ രക്തം വഴി സമീപസ്ഥരാകണം” (എഫേ 2:13). ശിഷ്യത്വത്തിന്റെ വിളിക്ക് പ്രത്യുത്തരം എന്നോണം, നാം ഈ ജീവിത അന്തസ്സ് തിരഞ്ഞെ ടുക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടെയും മറുപടി, “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്” എന്നാകണം ഇങ്ങനെ പത്രോസിനെപ്പോലെ ധീരതയോടെ ഇറങ്ങിച്ചെന്ന് പറയുവാൻ നമുക്കു സാധിക്കണം. അതാകട്ടെ യേശുവിന് നമുക്കു നൽകാവുന്ന ഏറ്റവും വലിയ ഗുരുദക്ഷിണ.

## നവംബർ 11 : ഹൂദോസ് ഈത്തോ ഞായർ

# സഭയുടെ നവീകരണം

**ബ്രദർ ഫ്രാൻസീസ് വർഗ്ഗീസ് ഒ.ഐ.സി.**

പുറ. 32:7-4; ജെറമി 7:1-5; എഫേ 4:17-24; യോഹ 2:13-22;

ആരാധന വത്സരത്തിലെ രണ്ടാമത്തെ ആഴ്ചയായ ഇന്ന് സഭയുടെ നവീകരണത്തിന്റെ ദിവസമാണ്. കഴിഞ്ഞ ആഴ്ച കൂദോശ് ഈത്തോ ഞായറാഴ്ചയായിരുന്നു, സഭയുടെ വിശുദ്ധീകരണത്തിന്റെ ദിവസം.

നവീകരണം എന്ന പദം കേൾക്കുമ്പോൾത്തന്നെ നമുക്കു മനസ്സി ലാകുന്നത് മുമ്പാണ്ടായിരുന്നതിന്റെ കുറവ് മനസ്സിലാക്കി അതിനൊരു നവജീവൻ നൽകുക എന്നതാണ്. നവീകരണം മനുഷ്യനിൽ നിരന്തരം നടക്കേണ്ട ഒരു പ്രക്രിയയാണ്. നല്ലതിനെ തേടിയുള്ള മനുഷ്യന്റെ യാത്രയിൽ പുതിയ ആശയങ്ങളും അനുഷ്ഠാനങ്ങളും അവൻ സ്വീകരിക്കു മ്പോൾ നവജീവൻ പ്രാപിച്ച ഒരു മനുഷ്യനായി അവൻ മാറുന്നു. എന്നാൽ ഈ നവീകരണം സഭാതലത്തിലാകുമ്പോൾ അത് ആദ്ധ്യാത്മിക നവീകരണമായി മാറണം.

വി. യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ യേശുവിന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ഈ സംഭവം വിവരിക്കുന്നുണ്ട്. എന്നാൽ സമാന്തര സുവിശേഷങ്ങളിൽ യേശുവിന്റെ പീഡാസഹനത്തിനു മുമ്പായി ഇത് രേഖപ്പെടുത്തുന്നു. യേശുവിന്റെ പ്രവാചക ദൗത്യം അതിന്റെ അത്യുന്നതിയിൽ എത്തുന്നതായിട്ട് ഈ സംഭവത്തിൽനിന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. ദേവാലയ ശുദ്ധീകരണത്തിലൂടെ ദൈവജനത്തിന്റെ, സഭയുടെ നവീകരണമാണ് യേശു തമ്പുരാൻ എടുത്തു കാട്ടുന്നത്.

രണ്ടാം വത്തിക്കാൻ സുനഹദോസിനുശേഷം സഭയിൽ നടന്ന പരിശ്രമങ്ങൾ എല്ലാംതന്നെ സ്വയം മനസ്സിലാക്കാനും അതുവഴി മറ്റുള്ള വരെ മനസ്സിലാക്കാനുമുള്ള ഒരു ശ്രമമായിരുന്നു. ഒരു

വെല്ലുവിളിയാണ് ഒരു നവീകരണ പ്രക്രിയവഴി സഭ ഏറ്റെടുത്തത്. അതുകൊണ്ടാണ് ജോൺ 23-ാം മാർപ്പാപ്പ രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ആരംഭത്തിൽ പറഞ്ഞത്: "നമുക്കു നമ്മുടെ കവാടങ്ങളെ തുറന്നിടാം, ശുദ്ധവായു കടന്നുവരട്ടെ." സുന്നഹ ദോസിന്റെ പ്രധാന ലക്ഷ്യം കത്തോലിക്കരുടെ ഇടയിൽ ഒരു നവോത്ഥാനം നൽകി, അവരുടെ ആന്തരിക ജീവിതത്തെ ക്രിസ്തീയ പ്രമാണങ്ങളുമായി പൊരുത്തപ്പെടുത്തുക എന്നതായിരുന്നു. ഒരു പരിധിവരെ സഭ അതിൽ വിജയിക്കുകയും ചെയ്തു. തെറ്റുകൾ സമ്മതിക്കാനും, വീഴ്ചകൾ ഏറ്റു പറയുവാനും സഭ മുന്നോട്ട് വന്നത് സഭ നേടിയെടുത്ത ആദ്ധ്യാത്മിക നവീകരണം മൂലമാണ്. ഇതിനു നല്ല മാതൃകയാണ് ഇപ്പോഴത്തെ മാർപ്പാപ്പ. അപ്പസ്തോലിക പ്രവർത്തനങ്ങളുടെ നവീകരണത്തിലേക്കാണ് ഇത് വെളിച്ചം വീശുന്നത്.

ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത് നവീകരണത്തിലേക്കാണ്. ഇതിനായിട്ടാണ് യേശുനാഥൻ കടന്നുവന്നത്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ." (മാർക്കോ 1:15) എന്നുള്ള ആഹ്വാനമാണ് യേശുനാഥൻ നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. മാനസാന്തരത്തിനു ഗ്രീക്കു ഭാഷയിൽ 'മെറ്റനോയിയാ' എന്ന പദവും ഹീബ്രു ഭാഷയിൽ 'ഷുബ്' എന്ന പദവുമാണ് ഉപയോഗി ക്കുന്നത്. മെറ്റനോയിയാ എന്ന പദത്തിന്റെ അർത്ഥം മനസ്സിന് മാറ്റം സംഭവിക്കുക എന്നും ഷുബ് എന്ന പദത്തിന്റെ അർത്ഥം തിരിയുക എന്നുമാണ്. അപ്പോൾ ഭൗതിക തലത്തിലോ വൈകാരിക തലത്തിലോ ഒതുക്കി നിർത്തേണ്ടതല്ല നവീകരണം. പിന്നെയോ ദൈവത്തിങ്കലേ ക്കുള്ള ഒരു വ്യക്തിയുടെ സമൂലമായ തിരിച്ചുവരവാണത്.

വ്യക്തിയുടെ ജീവിതത്തിൽ നവീകരണം സംഭവിക്കുമ്പോൾ കുടുംബത്തിലും അതിന്റെ ഫലങ്ങൾ കണ്ടുതുടങ്ങും. അങ്ങനെ അത് സഭയിലേക്കു വ്യാപിക്കുന്നു. വ്യക്തിയുടെ ജീവിതത്തിൽ സംഭവിക്കുന്ന മാറ്റം, നവീകരണം സഭയുടെ നവീകരണമായി മാറുന്നു. വിമോചനത്തിന്റെ ദൗത്യം പേറി കടന്നുവന്ന യേശുനാഥൻ നമ്മെ സ്വാതന്ത്ര്യത്തിലൂടെ നയിച്ച് ആത്മ വിശുദ്ധീകരണത്തിലേക്കു കൈപിടിച്ചുയർത്തുന്നു.

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിലൂടെ നാം യേശുവുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള പരസ്പര സ്നേഹബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന വേദികളായി ദേവാലയങ്ങൾ മാറണം. അല്ലാതെ സ്വാർത്ഥ താത്പര്യങ്ങളെ വളർത്തുന്ന കച്ചവടസ്ഥലമായി അത് മാറരുത്. അങ്ങനെ വന്നാൽ യേശു നാഥൻ വീണ്ടും ചാട്ടവാറെടുക്കും. അവിടുന്നു എല്ലാം അശുദ്ധതകളും നീക്കം ചെയ്യും. സഭാ ജീവിതത്തിലൂടെ പരസ്പര വിശുദ്ധീകരണമാണ് നാം ഉന്നം വയ്ക്കേണ്ടത്. ഈ വിശുദ്ധീകരണം നാം നേടിയെടുക്കേണ്ടത് കൂദാശ സ്വീകരണം വഴിയാണ്. അപ്പോൾ വിശുദ്ധീകരിക്കപ്പെടുന്ന, നവീകരിക്കപ്പെടുന്ന വ്യക്തികളുടെ സമൂഹമായി സഭ മാറുന്നു. നവീകരണം വഴി ഈ ലോകത്തിന് യേശുക്രിസ്തുവിനെ കാണിച്ചു കൊടുക്കുക എന്ന ദൗത്യം സഭയുടെ ദൗത്യമായി മാറുന്നു. നാം അതിനായി തീക്ഷ്ണതയുള്ളവരായിരിക്കണം. ഈ തീക്ഷ്ണത സഭാജീവിതത്തിൽ പ്രതിഫലിക്കേണ്ടതാണ്.

ഉയിർത്തെഴുന്നേറ്റ, ജീവിക്കുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ് ലോകത്തെ മുഴുവൻ ദൈവത്തിന്റെ ആലയമാക്കിത്തീർക്കുന്നത്. നാം ഓരോരുത്തരും ദൈവത്തിന്റെ ജീവിക്കുന്ന ആലയമായി തീരണം (1 കോറി 6:19). ദൈവാത്മാവ് വസിക്കാനുള്ള ഈ ആലയത്തെ കച്ചവടസ്ഥലമായി മാറ്റുന്നതിനെയാണ് കർത്താവ് എതിർത്തത്. അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു എന്ന് പറയുന്നതുവഴി ജീവിത നവീകരണത്തിലേക്കു നാം കടന്നു വരേണ്ടതിന് യേശു ആഗ്രഹിക്കുന്നു എന്നു നമുക്കു കാണാൻ കഴിയും.

വ്യക്തികളുടെ ജീവിതത്തിലെ നവീകരണത്തിലൂടെ സഭാ ജീവിത ത്തിലും നവീകരണം സംഭവിക്കും. എന്നാൽ ഈ നവീകരണം വർഷ ത്തിൽ ഒരിക്കൽ മാത്രം സംഭവിച്ചാൽ പോര. പിന്നെയോ നമ്മുടെ ജീവിത ത്തിൽ എന്നും നമ്മുടെ നവീകരണം നടക്കണം. ഈ നവീകരണത്തിന് നേരെയുണ്ടാകുന്ന എതിർപ്പുകളെ ഒരു വെല്ലുവിളിയായി സ്വീകരിച്ച് നമുക്കു മുന്നോട്ടു പോകാം.

## നവംബർ 18 : കൂദോശ് ഈത്തോയ്ക്കുശേഷം 2-ാം ഞായർ

## സ്കറിയായോടുള്ള അറിയിപ്പ്

**ബ്രദർ ജോസഫ് കിളീയ്ക്കൽ ഒ.ഐ.സി.**

ലൂക്കാ. 7:24-28; ഉൽപ 17:15-22; സുഭാ 1:8-19; മലാക്കി 4: 1-6; അപ്പ.പ്ര 3:17-26; റോമാ 4:13-25; ലൂക്കാ 1: 5-25

മലങ്കര ആരാധന ക്രമത്തിലെ ആദ്യ കാലഘട്ടമാണ് വചനിപ്പു കാലം. ഈ കാലഘട്ടം ഒരുക്കത്തിന്റേയും കാത്തിരിപ്പിന്റേയും കുറേ ദിനങ്ങളാണ് നമ്മിൽ നിന്നും പ്രതിക്ഷിക്കുന്നത്. ഉണ്ണിയേശുവിന്റെ ജനനത്തി നായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സഭ നമുക്ക് നൽകുന്ന വേദഭാഗങ്ങളിലെല്ലാം ഒരുക്കത്തിന്റേയും കാത്തിരിപ്പിന്റേയും സന്ദേശം നിഴലിച്ചു നിൽക്കുന്നു. രക്ഷകനായ മിശിഹായിലൂടെ സാക്ഷാ ത്കരിക്കപ്പെട്ടതും ദൈവത്തിൽ നിഗൂഢമായിരിക്കുന്നതുമായ രക്ഷാകര പദ്ധതി ചരിത്രത്തിന്റേയും, പ്രകൃതിയുടേയും പരിമിതികളെ മറികടന്ന് എപ്രകാരം നിറവേറ്റ പ്പെടുന്നു എന്ന് ഇന്നത്തെ വേദഭാഗങ്ങളെല്ലാം നമ്മെ അനുസ്മരി പ്പിക്കുന്നു. വി. ലൂക്കോസ് എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം 5 മുതൽ 20 വരെയുള്ള വേദഭാഗത്ത് വി. യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് നമ്മുടെ വിചിന്തനത്തിനായി സഭ ഇന്ന് നൽകിയിരിക്കുന്നത്.

ആദിമാതാപിതാക്കളുടെ പാപം നിമിത്തം നഷ്ടമായ ദൈവ മനുഷ്യബന്ധം പുനസ്ഥാപിക്കുന്നതിനായി സൃഷ്ടിയുടെ ആരംഭ ത്തിൽ ത്തന്നെ ദൈവം രക്ഷകനെ വാഗ്ദാനം ചെയ്തിരുന്നു. ഈ ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി കാലാകാലങ്ങളിൽ ദൈവം പിതാക്കൻമാരെയും, ന്യായാധിപൻമാരെയും, രാജാക്കൻ മാരെയും പ്രവാചകൻമാരെയും തിരഞ്ഞെടുക്കുന്നതായി പഴയ നിയമത്തിൽ നാം വായിക്കുന്നു. പഴയനിയമത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകനായിട്ടാണ് സ്നാപകയോഹന്നാൻ കടന്നു

വരുന്നത് (മലാക്കി 4:5,6) സ്നാപകന് ജന്മം നൽകുന്നതിനായിട്ടാണ് ദൈവം സക്കറിയായേയും എലിസബത്ത് പുണ്യവതിയേയും തിരഞ്ഞെടുക്കുന്നത്

ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ ദൈവം ദൂതൻ വഴി രണ്ട് വ്യക്തികളുടെ ജീവിതത്തിൽ ഇടപ്പെടുന്നതായി കാണാം. 5 മുതൽ 25 വരെയുള്ള തിരുവചനങ്ങളിൽ സഖറിയായുടെ ജീവിതത്തിൽ ദൈവം ദൂതൻ വഴി ഇടപ്പെടുന്നതായും, 26 മുതൽ 38 വരെയുള്ള തിരുവചനങ്ങളിൽ പരിശുദ്ധ കന്യകമറിയത്തിന്റെ ജീവിതത്തിൽ ദൈവം ദൂതൻ വഴി ഇടപെടുന്നതായും കാണാം. ഈ രണ്ട് സംഭവങ്ങളും ഏകദേശം ഒരേ രീതിയിലാണ് നടക്കുന്നത്. എന്നാൽ സഖറിയായും പരിശുദ്ധ അമ്മയും രണ്ട് മനോഭാവത്തിലാണ് ഈ സംഭവത്തെ സമീപിക്കുന്നത്. പരിശുദ്ധ അമ്മ ഈ ഇടപെടലിനെ സമീപിക്കുന്നത് വിശ്വാസത്തോടുകൂടിയാണ്. എന്നാൽ സഖറിയാ പ്രവാചകൻ സമീപിക്കുന്നത് അവിശ്വാസത്തോടുകൂടിയാണ്.

പരിശുദ്ധ അമ്മയക്ക് ദൂതൻ പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്യുമ്പോൾ അമ്മ ചോദിക്കുന്നു. ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ? മറിയം ഇങ്ങനെ ചോദിക്കുന്നത് വിശ്വാസത്തിന്റെ നിറവിൽ നിന്നുകൊണ്ടാണ്. എന്നാൽ ഒരു പുരുഷനില്ലാതെ ഒരു അമ്മയ്ക്കും കുഞ്ഞിന് ജന്മം കൊടുക്കുവാൻ കഴിയത്തില്ല എന്ന് കന്യകമറിയ ത്തിന് അറിയാമായിരുന്നു. അതിനാലാണ് ഈ സംശയം ഉയർന്നത്. എന്നാൽ യാഥാർത്ഥ്യം മനസ്സിലാക്കി കഴിഞ്ഞപ്പോൾ അമ്മ ഇത് ദൈവത്തിന്റെ ഇടപെടലാണെന്ന് മനസ്സിലാക്കുകയും, ദൈവത്തിന് തന്നെത്തന്നെ വിട്ടുകൊടുത്തുകൊണ്ട്, ആ വലിയ യാഥാർത്ഥ്യം പൂർത്തിയാക്കുന്ന തിനുവേണ്ടി തന്റെ ജീവിതത്തെ ഒരുക്കുകയും ചെയ്യുന്നു.

എന്നാൽ സഖറിയ പുരോഹിതന് ദൂതൻ പ്രത്യക്ഷപ്പെടുമ്പോൾ അദ്ദേഹം ചോദിക്കുന്നു. ഞാൻ ഇത് എങ്ങനെ അറിയും, ഞാൻ വൃദ്ധനാണ്. എന്റെ ഭാര്യ പ്രായം കവിഞ്ഞവളാണ്. പ്രായം കഴിഞ്ഞ

പ്പോഴേക്കും സഖറിയാ പ്രവാചകന് ദൈവത്തിലുള്ള വിശ്വാസത്തിന് ഇടർച്ച വന്നിരുന്നു. എലിസബത്തുമായുള്ള വിവാഹത്തിനു ശേഷം എല്ലാവരും ആഗ്രഹിക്കുന്നതുപോലെ ഒരു കുഞ്ഞ് ലഭിക്കുന്നതിനു വേണ്ടി സഖറിയായും ആഗ്രഹിച്ചിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു കുഞ്ഞിനെ അദ്ദേഹത്തിന് ലഭിച്ചില്ല. ആയതിനാൽ വീട്ടുകാരുടേയും, ബന്ധുക്കളുടേയും നാട്ടുകാരുടേയും ഇടയിൽ ലജ്ജിതനായിട്ടാകണം അദ്ദേഹം ജീവിച്ചത് അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിശ്വാസ ത്തിന് ഇടർച്ച വരാൻ കാരണം. എന്നാൽ ദൈവത്തിലുള്ള വിശ്വാസ ത്തിൽനിന്നും അകന്നുപോകേണ്ട ഒരു കാര്യവും സഖറിയായ്ക്ക് ഇല്ലാ യിരുന്നു. കാരണം, ഒന്നാമതായി അദ്ദേഹം ഒരു പുരോഹിതനായിരുന്നു. ഒരു പുരോഹിതൻ എന്ന് പറഞ്ഞാൽ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവനാ യിരുന്നു. അതുകൊണ്ട് ജീവിതത്തിൽ എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടായാലും അവൻ ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കേണ്ട വനാണ്. രണ്ടാമതായി, പ്രായത്തിന്റെ മൂർധന്യാവസ്ഥയിൽ എത്തിയിട്ടും ദൈവത്തിന്റെ ഇടപെടൽകൊണ്ട് കുഞ്ഞിനെ ലഭിക്കുന്ന വിശ്വാസി കളുടെ പിതാവായ അബ്രഹാമിന്റെയും, വന്ധ്യ എന്ന് മുദ്ര കുത്തപ്പെട്ട സാറായുടേയും ജീവിത ഉദാഹരണം സഖറിയായുടെ ജീവിതത്തിന്റെ മുമ്പിലുണ്ടായിരുന്നു. ആയതിനാൽ ദൂതൻ പ്രത്യക്ഷപ്പെടുമ്പോൾ തന്റെ കഴിവിൽ ആശ്രയിച്ച് സഖറിയാ ദൈവത്തിന്റെ ശക്തിയിൽ അവിശ്വസിക്കുന്നു, ദൈവത്തിന്റെ ഇടപെടൽ മനസ്സിലാക്കാൻ കഴിയാതെ പോകുന്നു..

ഇതുപോലെ പല രീതിയിൽ നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. ഈ ഇടപെടലുകൾ പലരീതിയിലാകാം. നമ്മുടെ ദൈവവിളി ദൈവത്തിന്റെ ഇടപെട ലാണ്, നാം പല അപകട ങ്ങളൽനിന്ന് രക്ഷപ്പെട്ടിട്ടുണ്ട്, അതെല്ലാം ദൈവത്തിന്റെ ഇടപെടലു കൊണ്ടാണ്. നാം ജീവിതത്തിൽ പല വിജയങ്ങൾ കൈവരിച്ചത് ദൈവത്തിന്റെ ഇടപെടലുകൊണ്ടാണ്. ഇങ്ങനെ പല തരത്തിലുള്ള ദൈവത്തിന്റെ ഇടപെടലുകളെ നമ്മുടെ ജീവിതത്തിൽ കാണാൻ കഴിയും. എന്നാൽ ഇത് ദൈവത്തിന്റെ

ഇടപെടലാണെന്ന് മനസ്സിലാക്കാതെ അത് സ്വന്തം കഴിവാണ് എന്ന് വിശ്വസിച്ചുകൊണ്ട് നാം പലപ്പോഴും ജീവിക്കുന്നു. സഖറിയാ പ്രവാചകനെപ്പെലെ നാമും ചിലപ്പോഴെങ്കിലും അവിശ്വാസത്തിന്റെ അവസ്ഥയിലേക്കെത്തിച്ചേരുന്നു. എന്നാൽ പരിശുദ്ധ കന്യക മറിയത്തെപ്പോലെ ദൈവത്തിന്റെ ഇടപെടലുകളുണ്ടാകുമ്പോൾ നമ്മുടെ ജീവിതത്തെ കൂടുതൽ ഒരുക്കി ദൈവത്തിന്റെ പദ്ധതിക്കായി പരിശുദ്ധ അമ്മയെപ്പോലെ നമ്മെത്തന്നെ വിട്ടുകൊടുക്കേണ്ടതാണ്.

ദൈവിക പദ്ധതിയോട് സന്തോഷത്തോടെ സഹകരിക്കുന്ന മറിയത്തെയാണ് മംഗളവാർത്ത രംഗത്തിന്റെ അവസാനം നാം കണ്ടു മുട്ടുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ താൻ ഗർഭവതിയാകുമെന്ന് ദൂതൻ അറിയിച്ചപ്പോൾ മറിയം വിനയാന്വിതയായി അറിയിച്ചു, ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കാ 1.38). ദൈവത്തിന്റെ ഇടപെടലിനോട് പൂർണ്ണമായി സഹകരിക്കുവാൻ തനിക്കുള്ള സമ്മതമാണ് മറിയം ഇവിടെ വ്യക്തമാക്കുന്നത്. ദൂതൻ വഴിയുള്ള ദൈവത്തിന്റെ ഇടപെടലിനെ സഖറിയ അവിശ്വസിച്ചതുകൊണ്ടാകണം സഖറിയായോടുള്ള അറിയിപ്പ് മംഗളവാർത്ത ആകാതിരുന്നത്. പിന്നീട് സഖറിയ മൂകനായി തീരുന്നത് നാം കാണുന്നുണ്ട്. ഇന്ന് നാം ഈ ലോകത്തിൽ ആയിരിക്കുന്നതുതന്നെ ദൈവത്തിന്റെ വലിയ ഇടപെടലുകൊണ്ടാണ്. ദൈവത്തിന്റെ ഓരോ ഇടപെടലുണ്ടാകുമ്പോഴും പരിശുദ്ധ അമ്മയെപ്പോലെ "ഇതാ ഞാൻ കർത്താവിന്റെ ദാസി/ദാസൻ, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന് പറഞ്ഞുകൊണ്ട്, ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് ദൈവത്തിന്റെ പദ്ധതി പൂർണ്ണമായി നമ്മിലൂടെ നിറവേറുവാൻ നമുക്ക് പരിശ്രമിക്കാം. ദൈവത്തിന്റെ ഇടപെടലുകൊണ്ട് ഒരുക്കപ്പെട്ട നമ്മുടെ ഹൃദയമാകുന്ന വയലുകളിൽ മുപ്പതും, അറുപതും, നൂറും മേനി ഫലം പുറപ്പെടുവിക്കാം. അതിന് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## നവംബർ 25 : കൂദോശ് ഈത്തോയ്ക്കുശേഷം 3-ാം ഞായർ

# പരിശുദ്ധ ദൈവമാതാവിനോടുള്ള അറിയിപ്പ്

**ബ്രദർ അഭയാനന്ദ് ഒ.ഐ.സി.**

ലൂക്കാ 1:26-28; മത്താ 1:1-17; ഉൽപ 3:8-15; ന്യായ 13:1-7;
ഏശ 7:10-17; 1 യോഹ 3:1-10; ഹെബ്രാ 13:1-6

### ആമുഖം

ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു വളർന്ന കുട്ടിയോടു "സുവിശേഷം" എന്നു പറഞ്ഞാൽ "മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ" എന്നിവയ്ക്കപ്പുറം അവന്റെ ചിന്ത പോവുകയില്ല. കുഞ്ഞുനാൾ മുതൽ ഈ വാക്ക് കേൾക്കുന്ന നാം ഓരോരുത്തരും പലപ്പോഴും ഇതിന്റെ അർത്ഥ തലങ്ങളെക്കുറിച്ച് ചിന്തിക്കാറില്ല. സു-വിശേഷം അഥവാ സദ്വാർത്ഥ എന്നു കേൾക്കുമ്പോൾ സ്വാഭാവികമായി മനസ്സിൽ എത്തുന്ന ചില ചോദ്യങ്ങൾ "ആർക്കുവേണ്ടിയാണ് ഈ സദ് വാർത്ത? എങ്ങനെയാണ് ആ വ്യക്തിക്ക് അല്ലങ്കിൽ വ്യക്തികൾക്ക് അത് സദ്വാർത്ഥയാകുന്നത്? എല്ലാറ്റിനേക്കാളുപരി എല്ലാവർക്കും സന്തോഷം നൽകുന്ന ആ വാർത്ത എന്താണ്?" കൂദോശ് ഈത്തോയ്ക്കു ശേഷം മൂന്നാം ഞായറാഴ്ചയായ ഇന്ന് ലൂക്കാ 1: 26-28 ന്റെ വെളിച്ചത്തിൽ നമുക്കു പരിശോധിക്കാം.

### ആർക്കാണ് ഈ സദ്വാർത്ഥ

#### ഉദാഹരണം

പൂനായ്ക്ക് അടുത്ത് ശിരൂർ എന്ന സ്ഥലത്ത് മാനസികരോഗികളായ അനാഥ പെൺകുട്ടികൾക്കുവേണ്ടി ഒരു അഗതിമന്ദിരമുണ്ട്. 1994 ൽ സർക്കാർ തുടങ്ങിവച്ച ഈ സ്ഥാപനം ഇന്ന് സി. എം. സി സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ മുന്നോട്ടു പോകുന്നു. സർക്കാർ സിസ്റ്റേഴ്സിനെ ഈ സ്ഥാപനം ഏൽപിച്ചതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. 1994 നും 1996 നും ഇടയിൽ സർക്കാരിന്റെ ജീവനക്കാർ

ഈ സ്ത്രീകളെ ലൈംഗികമായി ഉപയോഗിക്കുമായിരുന്നു. ഹൈവേ സമീപത്തായിരുന്നതിനാൽ ട്രക്ക് ഡ്രൈവേഴ്സ് ഉൾപ്പെടെ ആർക്കും കയറിയിറങ്ങാവുന്ന ഒരു സ്ഥാപനമായിത്തീർന്നു അത്. ഏൽപ്പിക്കപ്പെട്ടവർ ഈ അഗതികൾക്ക് പ്രാഥമിക കാര്യങ്ങൾ സ്വയമായി ചെയ്യുവാനുള്ള പരിശീലനം പോലും നൽകിയിരുന്നില്ല. അതിനാൽ കിടക്കുന്നിടം തന്നെ ശൗചാലയമായി മാറിയിരുന്ന ഒരു അവസ്ഥയായിരുന്നു. സിസ്റ്റേഴ്സ് അവിടെ പ്രവേശി ക്കുമ്പോൾ അർദ്ധനഗ്നരും പൂർണ്ണനഗ്നരുമായ സ്ത്രീകളേയും മാലിന്യം നിറഞ്ഞ ഒരു സ്ഥലവുമായിരുന്നു അവർ കണ്ടത്. പീഡിപ്പിക്കപ്പെട്ട മൂന്നു പേർ ഗുരുതരമായി ആശുപത്രിയിൽ ആയിരുന്നു. രണ്ടു വർഷത്തിനകം സമൂഹിക ദ്രോഹികൾതൊട്ട് ഗവർൺമെന്റ് ജീവനക്കാരുടെയും രാഷ്ട്രീയക്കാരുടെയും എതിർപ്പുകളെയെല്ലാം നേരിട്ടുകൊണ്ട് മൂന്ന് സിസ്റ്റേഴ്സ് കൂടി ആ സ്ഥലം ഒരു പറുദീസായാക്കി മാറ്റി. ഇന്ന് ഈ മന്ദിരം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഏറ്റവും ഉത്തമമായ ഒരു ഉദാഹരണമായി ഹൈന്ദവ ഗ്രാമീണരുടെ ഇടയിൽ ഒരു ദീപനാളമായി കത്തിയെരിയുന്നു. ഈ അഗതിമന്ദിരത്തിലെ പാവപ്പെട്ട മനോരോഗി കളായ അനാഥരെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ ജനനം യഥാർത്ഥമായ ഒരു സദ്വാർത്ഥയായിരുന്നു. അവർക്കു നിഷേധിക്കപ്പെട്ട മാന്യത ((dignity)) ക്രിസ്തുവാണ് അവർക്ക് നൽകിയത്.

## സു-വിശേഷത്തിന്റെ പശ്ചാത്തലം

### ചരിത്രപരമായ പശ്ചാത്തലം

യേശുവിന്റെ ജനനത്തിന്റെ സമയം പാലസ്തീന റോമാ സാമ്രാജ്യത്തിനു കീഴിലായിരുന്നു. മതപരമായും രാഷ്ട്രീയമായും ഒരു സ്വാതന്ത്ര്യവും ഇല്ലായിരുന്നു. ദൈവത്തിന്റെ വാഗ്ദാനമനുസരിച്ച് ദാവീദിന്റെ സന്തതിയായ മിശിഹാ അവർക്ക് സ്വാതന്ത്ര്യം നൽകുമെന്ന് അവർ വിശ്വസിച്ചിരുന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ മംഗളവാർത്ത ഭൂമിയിലേക്കു വന്നത്.

**ആത്മീയമായ പശ്ചാത്തലം**

"അവന്റെ ഉള്ളിൽ അവരോടു ദയയുളവായി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെയായിരുന്നു" (മർക്കോ 6: 34). മനുഷ്യന്റെ ആത്മാവ് എന്നും ദൈവത്തിനുവേണ്ടി കേണിരുന്നു. എന്നാൽ അവനെ സത്യ പാതയിലേക്കു നയിക്കുവാൻ ആത്മീയ മനുഷ്യർ അധികമില്ല. നേരെ മറിച്ച് ആത്മീയരെന്ന് നടിക്കുന്നവർ എക്കാലത്തും മനുഷ്യന്റെ ദൈവത്തിനുവേണ്ടിയുള്ള ദാഹത്തെ ചൂഷണം ചെയ്ത് പണം ഉണ്ടാക്കാനുള്ള മാർഗ്ഗമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയിലാണ് ദൈവത്തിനുവേണ്ടി ദാഹിക്കുന്ന മനുഷ്യ സമൂഹത്തിന് നല്ല ഇടയനായ യേശുവിന്റെ ജനനം ഒരു സദ്വാർത്തയായി മാറുന്നത്.

**സാമൂഹികമായ പശ്ചാത്തലം**

ഇതിനെക്കുറിച്ച് കൂടുതൽ പറയേണ്ടതില്ല. യേശുവിന്റെ ജനനത്തിനു മുമ്പ് കുഷ്ഠരോഗികൾ, സമരിയാക്കാർ, വേശ്യകൾ, ചുങ്കക്കാർ തുടങ്ങിയവർക്ക് സമൂഹത്തിൽ ഒരു സ്ഥാനവും ഇല്ലായിരുന്നു. ആത്മീയതയുടെ നിറകുടമായ ഭാരതത്തിലും ജാതിയുടെയും മതത്തിന്റെയും പേരിൽ അനേകർ പീഢ അനുഭവിച്ചിട്ടുണ്ട്. ഇന്നും, മുമ്പു സൂചിപ്പിച്ച ഉദാഹരണംപോലെ അനേകർ നമ്മുടെ ചുറ്റും ഉണ്ട്. ഇവർക്കെല്ലാം യേശുവിന്റെ ജനനം ഒരു സദ്വാർത്തയായിത്തീരുന്നു.

## സദ്വാർത്ത ഭൂമിയിൽ അവതരിക്കാനുള്ള മാധ്യമം: പരിശുദ്ധ കന്യകാമറിയം

ഒന്നാമതായി, സദ്വാർത്താ ജീവിതത്തിൽ സ്വീകരിച്ച ഒരാൾ കടന്നുപോയ അവസ്ഥകളിലൂടെയാണ് പരിശുദ്ധ കന്യകാമറിയം കടന്നുപോയത്. രണ്ടാമതായി, മറിയം ദൈവഹിതത്തോടു സഹകരിച്ചതിനാലാണ് ഈ സദ്വാർത്ത മാംസം ധരിച്ചത്. ഈ രണ്ട് കാര്യങ്ങൾ ഓരോ ക്രൈസ്തവന്റെയും ജീവിതത്തിൽ നടന്നാൽ മാത്രമേ അവന്റെ ജീവിതത്തിൽ ഈ സദ്വാർത്തയുടെ ഫലം ഉണ്ടാവുക

യുള്ളു. അതിനാലാണ് പരിശുദ്ധ കന്യകമറിയം ഓരോ ക്രൈസ്തവ ന്റെയും മാതൃകയായി മാറുന്നത്. ഈ സദ്വാർത്ഥ ജീവിതത്തിൽ സ്വീകരിക്കുകയും അതിനു മാംസം കൊടുക്കുകയും ചെയ്യുവാൻ ദൈവം മറിയത്തെ വിളിച്ചപ്പോൾ അവളിൽ ഉണ്ടായ ആത്മീയ വളർച്ചയുടെ ഘട്ടങ്ങൾ നമുക്കു ശ്രദ്ധാപൂർവ്വം ധ്യാനിക്കാം.

**1. ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥയായി**

ഗബ്രിയേൽ ദൂതന്റെ വാക്കുകൾ കേട്ട മറിയം അസ്വസ്ഥയായി. കാരണം മറിയത്തിന് ആ വിളിയുടെ തീവ്രത അറിയാമായിരുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ അബ്രഹാം, ഇസഹാക്, യാക്കോബ് മുതൽ പ്രവാചകൻമാർവരെ ആരെയൊക്കെ ദൈവം വിളിച്ചിട്ടുണ്ടോ അവരെല്ലാവരും ദൈവത്താൽ വിളി സ്വീകരിച്ചതിനുശേഷം സമാധാനം അറിഞ്ഞിട്ടില്ല. ദൈവത്താൽ വിളിക്കപ്പെടുക എന്നതിന്റെ അർത്ഥം ലോകത്തിന്റെ മൂല്യങ്ങൾക്ക് വിരുദ്ധമായി നിൽക്കുക എന്നതാണ്. ലോകത്തിന്റെ മൂല്യങ്ങൾക്ക് എതിരു നിൽക്കുന്നവന് പീഡകളും ദുരിതങ്ങളും മുതൽക്കൂട്ടാണ്. അവന്റെ ജീവിതാഭിലാഷ ങ്ങളും സ്വപ്ന ങ്ങളും ദൈവഹിതത്തിനു വഴിമാറിക്കൊടുക്കേണ്ടി വരും. അതിനാൽ ഗബ്രിയേൽ ദൂതന്റെ വാക്കുകൾ കൗമാരപ്രായ മെത്തിയ ഒരു ബാലികയുടെ സ്വപ്നങ്ങൾ തച്ചുടയ്ക്കുന്ന മുനക്കാ മ്പുകളായിരുന്നു.

**2. ദൈവസന്നിധിയിൽ കൃപ കണ്ടെത്തുക**

മറിയം ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവളാണ്. മറിയം പരിശുദ്ധി നിറഞ്ഞവളും പാപരഹിതമായിരുന്നു. പാപം ദൈവത്തിൽ നിന്നു അകലുന്ന അവസ്ഥയാണെങ്കിൽ പാപമില്ലായ്മ എന്നു പറയുന്നത് ദൈവത്തോടൊപ്പമായിരിക്കുന്ന അവസ്ഥയായിരി ക്കണം. മറിയം ദൈവത്തെ സ്നേഹിച്ചു. ദൈവം അവളെ അതിനേ ക്കാൾ അധികം സ്നേഹിച്ചു. മറിയം ദൈവമനുഷ്യ സംസർഗ്ഗത്തിന്റെ ഏറ്റവും ഉത്തമമായ ഉദാഹരണമാണ്. ഏദൻതോട്ടത്തിൽ പാപ ത്തിനു മുമ്പ് ആദിമാതാപിതാക്കൾക്ക് ദൈവത്തോടുണ്ടായിരുന്ന അതേ അടുപ്പം തന്നെയായിരിക്കണം മാതാവിലുണ്ടായ ദൈവമനുഷ്യ

സംസർഗ്ഗം. അതിനാലാണ് പ. കന്യക മറിയം ക്രിസ്ത്യാനികളുടെ മാതൃകയായിത്തീരുന്നത്.

**3. ഇത് എങ്ങനെ സംഭവിക്കും?**

മൂന്നാമത്തെ ഘട്ടത്തിൽ അസ്വസ്ഥത സംശയമായി രൂപാന്തര പ്പെടുന്നു അസ്വസ്ഥത നീങ്ങിപ്പോയാലും നിലനിൽക്കുന്ന അവ്യക്തത ആത്മാവിനെ തളർത്തുന്നു. "ഇത് എങ്ങനെ സംഭവിക്കും? ഞാൻ പുരു ഷനെ അറിയുന്നില്ലല്ലോ?" ദിവ്യപ്രകാശത്താൽ കണ്ണുകൾക്ക് മങ്ങലേറ്റതിനാൽ ഏതോ അജ്ഞാതമായ ഭൂമിയിലൂടെ ആത്മാവ് തപ്പിത്തടയുന്ന ഒരു അനുഭവം. ദൈവിക വഴിയിൽ കൂടി സഞ്ചരി ക്കണമെന്ന് അറിയാമെങ്കിലും ആ വഴി ഏത് എന്നൊരു ചോദ്യം അവശേഷിക്കുന്നു. പ്രശ്നങ്ങളുടേയും ചോദ്യങ്ങളുടെയും നടുവിൽ എങ്ങോട്ടെന്ന റിയാതെ ആത്മാവ് ശങ്കിക്കുന്നു.

**4. ദൈവത്തിനു ഒന്നും അസാധ്യമല്ല**

ഈ ഒരു അവസ്ഥയിലാണ് മറിയം നാലാം ഘട്ടത്തിലേക്ക് പ്രവേശി ക്കുന്നത്. തന്റെ ബലഹീനത അറിയുന്ന ആത്മാവ് ദൂതന്റെ സ്വരം കേൾക്കുന്നു. സ്വർഗ്ഗീയ കൃപ നിറഞ്ഞ ആ സ്വരം ശ്രോതാ വിൽനിന്ന് എല്ലാറ്റി നേയുംകാൾ വിശ്വാസം ആവശ്യപ്പെടുന്നു. "ദൈവത്തിനു ഒന്നും അസാധ്യമല്ല." ചോദ്യങ്ങളുടെയും അവ്യക്തത കളുടെയും നടുവിൽ ആത്മാവിലുണ്ടാകുന്ന ശക്തമായ ബോധ്യമാ ണിത്. ചോദ്യങ്ങൾ അവശേഷിക്കെ ഈ ബോധ്യം ആത്മാവിനു ശക്തി പകരുന്നു.

**5. ഇതാ ഞാൻ, കർത്താവിന്റെ ദാസി**

ഇപ്രകാരം ദൈവത്തിന്റെ ശക്തിയെ തിരിച്ചറിയുന്ന ആത്മാവ് മറിയത്തെപ്പോലെ പൂർണ്ണമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പി ക്കുന്നു. "ഇതാ ഞാൻ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." ഇതായിരുന്നു ദൂതനോടുള്ള അവളുടെ മറുപടി. സുവിശേഷത്തെ ലോകത്തിനു നൽകാൻ ദൈവവിളി സ്വീകരിച്ച ഒരു ആത്മാവിന്റെ ഏറ്റവും ഉത്തമമായ മറുപടി. ആത്മാവിന്റെ

ആഴങ്ങളിൽ ദൈവ വിളിയുടെ അനുഭൂതി ഉണ്ടാകുമ്പോൾ പൂർണ്ണമായ സ്വയം സമർപ്പണമല്ലാതെ മറ്റൊരു പ്രത്യുത്തരവുമില്ല. മറിയത്തിന്റെ ഈ സ്വയ സമർപ്പണത്തിന്റെ ഫലം എന്താണെന്ന് ചരിത്രവും വിശുദ്ധ ലിഖിതങ്ങളും നമ്മോടു സാക്ഷ്യപ്പെടുത്തുന്നു.

**ഉപസംഹാരം**

യേശുവിന്റെ ജനനത്തിന്റെ സദ്വാർത്ഥ മറിയത്തെ തേടി എത്തിയപോലെ നമ്മെയും തേടിയെത്തുന്നു. ഇന്ന് നമുക്ക് ചുറ്റുമുള്ള മനുഷ്യസമൂഹം നേരിടുന്ന പ്രശ്നങ്ങൾ രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ലോകത്തിലുണ്ടായിരുന്നതിനേക്കാൾ ഗുരുതരമാണ്. ഒരു വശത്ത് യുദ്ധം. മറുവശത്ത് ചൂഷണത്തിന്റെ സംസ്കാരം. ഒരു വശത്ത് ആഗോളവല്ക്കരണമെങ്കിൽ മറ്റു വശത്ത് "ഞാൻ" "എന്റെ" എന്ന ഭാവം. ഈയൊരു പശ്ചാത്തലത്തിലാണ് ഇന്ന് ദൈവത്തിന്റെ വിളി നമ്മിലേക്ക് വരുന്നത്. മറിയത്തെ ദൈവം വിളിച്ചതുപ്പോലെ ക്രിസ്തുവാകുന്ന സദ്വാർത്ത ഇന്ന് മനുഷ്യരുടെ ഇടയിൽ പിറക്കുവാൻ നാം ഓരോരുത്തരുടേയും സഹകരണം ദൈവം തേടുന്നു. ദൈവത്തിന്റെ ഈ വിളിക്ക് മുൻപിൽ മറിയത്തെപ്പോലെ "ഇതാ ഞാൻ കർത്താവിന്റെ ദാസൻ/ ദാസി" എന്ന് പറയുമ്പോൾ മാത്രമെ സുവിശേഷത്തെ നമ്മുടെ ജീവിതത്തിലൂടെ പിറവി കൊടുക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. മറിയത്തിന്റ സ്വയം സമർപ്പണം പോലെ നമ്മുടെ സ്വയം സമർപ്പണവും നമുക്ക് ചുറ്റുമുള്ള മനുഷ്യ സമൂഹത്തിന് സദ്വാർത്തയുടെ മാദ്ധ്യമം ആയി തീരട്ടെ എന്ന് പ്രാർത്ഥിക്കാം. അതിന് ദൈവം നമ്മെ പ്രത്യേകം ഒരുക്കട്ടെ.